സുധാരസം' ആസ്വദിക്കുമ്പോൾ ആ തന്ത്രീയന്ത്രത്തിനു രൂപകല്പന നൽകിയ പാശ്ചാത്യശില്പികളെക്കുറിച്ചോർക്കുക. സമാധാനമോ സമൃദ്ധിയോ മാത്രമല്ല സംഗീതവും തികച്ചും അന്താരാഷ്ട്രീയമാണെന്ന് അപ്പോൾ നിങ്ങൾക്കു മനസ്സിലാവും.

(24 മെയ്, 1987)

# 80. സാറേ, മണിയെത്രയായി?

ഒരു അദ്ധ്യാപികയുടെ 3,500 രൂപ വിലവരുന്ന 'റാഡോ' റിസ്റ്റ്‌വാച്ച് കളവുപോയതിനെത്തുടർന്നു നിരപരാധിയായ ഒരു യുവാവിനെ തിരുവല്ലാ പോലീസ് അറസ്റ്റുചെയ്തു പതിമ്മൂന്നു ദിവസം ലോക്കപ്പിൽ പാർപ്പിച്ചു മർദിച്ചുവെന്ന വാർത്ത (മാതൃഭൂമി, 17 ആഗസ്റ്റ്) വായിച്ചപ്പോൾ നൂറു രൂപയ്ക്കു നാലു് ഡിജിററൽ റിസ്റ്റ്‌വാച്ചുകൾ ഇക്കഴിഞ്ഞ വേനൽക്കാലത്തു് ദില്ലിയിൽനിന്നു വാങ്ങിയതാണു് ഞാൻ ഓർത്തതു്. ഒരു വാച്ചിനു് ഇരുപത്തഞ്ചു രൂപ! സൗന്ദര്യമുള്ള വാച്ചു്. ശരിയായി ഇപ്പോഴും സമയം കാണിക്കുന്നു. വില കൃത്യമായി മനസ്സിലാക്കിക്കഴിഞ്ഞാൽ ആരും മോഷ്ടിക്കാനിടയില്ല. മോഷ്ടിച്ചാൽത്തന്നെ പരാതിയുമായി ആരും പോലീസിനെ സമീപിക്കുമെന്നും കരുതേണ്ടതില്ല.

സമയം കാണിക്കുന്ന യന്ത്രങ്ങളിൽ എനിക്കു് ഏതു കാലത്തും വലിയ താല്പര്യമായിരുന്നു. ഞാൻ ജനിച്ചുവളർന്ന തറവാട്ടിൽ ക്ലോക്കോ ടൈംപീസോ ഉണ്ടായിരുന്നില്ല. പക്ഷേ, പത്താംതരം പാസ്സായി സ്കൂൾമാസ്റ്റർ ആയിത്തീർന്ന പണക്കാരനായ എന്റെ മൂത്തജ്യേഷ്ഠന്റെ (വലിയമ്മയുടെ മകന്റെ) കൈത്തണ്ടമേൽ വെസ്റ്റെൻഡ് വാച്ചുകമ്പനിക്കാരുടെ ഒരു സ്വർണവാച്ചു കണ്ടിരുന്നു. ഞങ്ങളുടെ അമ്മാമൻ (മുത്തശ്ശിയുടെ ജ്യേഷ്ഠത്തിയുടെ മകൻ) സമയം കണക്കാക്കിയിരുന്നതു പകൽ തന്റെ നിഴൽ സ്വന്തം കാലടികൾകൊണ്ടു് അളന്നും രാത്രിയിൽ നക്ഷത്രങ്ങളെ നോക്കിയുമാണു്. നിഴൽ അളന്നു സമയം കണക്കാക്കാൻ ഉപകരിക്കുന്ന ഫോർമുല അമ്മാമൻ എന്നെ പഠിപ്പിച്ചിരുന്നു. സംസ്കൃതത്തിലുള്ള ഏതാനും പദ്യങ്ങളുടെ രൂപത്തിലാണു് ഈ ഫോർമുല. 'സിംഹാജഗതേ ദിനപേ' എന്ന ആദ്യ പദ്യപാദം മാത്രമേ എനിക്കു് ഇപ്പോൾ ഓർമയുള്ളു.

ആദ്യമായി ഒരു ടൈംപീസ് ഞാൻ കണ്ടതു പ്രൈമറി സ്കൂളിലാണു്. ചെറിയ റൂൾത്തടിയുടെ കുറുമുറിപോലെയുള്ള ഒരു 'ബി' ടൈംപീസ്. അതിനു് അന്നും പിന്നീടു വളരെക്കാലത്തേക്കും ഒന്നരരൂപയേ വില ഉണ്ടായിരുന്നുള്ളു. കുറേക്കഴിഞ്ഞു് വെസ്റ്റെൻഡ് കമ്പനിക്കാരുടെയും, ഫേവർലൂബാ കമ്പനിക്കാരുടേയും നാലോ അഞ്ചോ അലാറം ടൈംപീസുകൾ പല കാലങ്ങളിലായി ഞാൻ വാങ്ങുകയുണ്ടായി. സോവിയററ് യൂണിയൻ സന്ദർശിച്ചപ്പോൾ കൗതുകവസ്തുക്കളായി ഞാൻ വാങ്ങിക്കൊണ്ടുവന്നതു ഭംഗിയുള്ള വിലകുറഞ്ഞ രണ്ടു ടൈംപീസുകളായിരുന്നു. ഇവയിലൊന്നു് തിരുവനന്തപുരത്തു് കുന്നുകുഴിയിലെ എന്റെ വീട്ടിൽനിന്നു കളവുപോയി. മററുള്ളവ ഓരോ കാലത്തു് ഓരോരുത്തർ കൊണ്ടുപോയിരിക്കണം. ഇപ്പോൾ പഴയ തുരുമ്പിച്ച എങ്കിലും തെററാതെ സമയം കാട്ടുകയും അലാറം മുഴക്കുകയുംചെയ്യുന്ന ഒരു വലിയ ടൈംപീസും, പെട്ടിയിലടച്ചു സൂക്ഷിക്കാവുന്ന ഒരു ചെറിയ ടൈംപീസും മാത്രമേ എന്റെ കൈയിലുള്ളു. രണ്ടും സമ്മാനങ്ങളായി കിട്ടിയവയാണു്. അതിനാൽത്തന്നെ 'സെൻറിമെൻറൽ' മൂല്യമുള്ളവയും.

എനിക്ക് അഞ്ചോ ആറോ വയസ്സുള്ളപ്പോൾ ഒരു പഴയ ക്ലോക്ക് അച്ഛൻ എവിടെനിന്നോ കൊണ്ടുവന്ന് അച്ഛന്റെ വീട്ടിൽ ചുവരിൽ വെക്കുകയുണ്ടായി. വളരെവർഷം ശാഠ്യമൊന്നും കൂടാതെ സേവനമനുഷ്ഠിച്ച ഈ ഘടികാരം വാർദ്ധക്യസഹജമായ രോഗത്താൽ ചരമമടഞ്ഞ കാലത്ത് ഞാൻ അവിടെ ഉണ്ടായിരുന്നില്ല. ഈ ക്ലോക്കുമായുള്ള പരിചയത്താലാവാം ക്ലോക്കുകളെ എനിക്ക് ഇന്നും ബഹുമാനമാണ്. അവ നോക്കി ഞാൻ എത്രസമയമെങ്കിലും ചുമ്മാതിരിക്കും. വലിയ 'ഗ്രാൻഡ് ഫാദർ' ക്ലോക്കുകളാണെങ്കിൽ അവയുടെ ആടുന്ന പെൻഡുലം നോക്കിയിരുന്നാൽ അറിയാതെ ഉറങ്ങിപ്പോവുകയും ചെയ്യും.

കേരളവർമ കോളേജിൽ അദ്ധ്യാപകനായതിനു ശേഷമേ, ഒരു റിസ്റ്റ് വാച്ച് വാങ്ങാനുള്ള സാമ്പത്തികകഴിവ് എനിക്കുണ്ടായുള്ളു. അറുപതോ എഴുപതോ രൂപ കൊടുത്ത് 1946-ൽ വാങ്ങിയ ആ ആദ്യവാച്ച് പല കൈകൾ മറിഞ്ഞു വീണ്ടും എന്റെ കൈയിലെത്തിയിട്ടുണ്ട്. മുപ്പത്തേഴു വർഷങ്ങൾക്കുശേഷവും ഇന്നും അതിന്റെ ആരോഗ്യത്തിനു ഹാനിയൊന്നും വന്നിട്ടില്ല. ഡയലിൽ താഴെ ഒരു ചെറിയ വൃത്തത്തിലാണ് അതിന്റെ സെക്കൻഡ് സൂചി. ഇപ്പോഴത്തെ വാച്ചുകളിലെല്ലാം മററു സൂചികൾക്കൊപ്പമാണു സെക്കൻഡ് സൂചിയുടെയും സ്ഥാനം.

ഇന്ത്യയിൽ ആദ്യമായി റിസ്റ്റ്‌വാച്ച് ഉണ്ടാക്കിത്തുടങ്ങിയത് എച്ച്. എം. ടി.ക്കാരാണെന്നു തോന്നുന്നു. എച്ച്. എം. ടി. വാച്ചുകൾ മാർക്കററിൽ ഒന്നാമതായി ഇറങ്ങിയപ്പോൾ, 1950-കളിൽ, പത്രപ്രവർത്തകരുടെ ക്വോട്ടയിൽ ഒരു വാച്ച്, ദില്ലിയിലെ ശ്രീ വി. കെ. മാധവൻകുട്ടിയുടെ സന്മനസ്സുമൂലം, എനിക്കു ലഭിക്കുകയുണ്ടായി. മുപ്പതു വർഷങ്ങൾക്കുശേഷം ഇന്ന് എച്ച്. എം. ടി. വാച്ചുകൾക്ക് അന്യരാജ്യങ്ങളിൽ നല്ല മതിപ്പാണത്രെ. പക്ഷേ, ഇന്ത്യയിൽ അവയ്ക്ക് ആദരവു നഷ്ടപ്പെട്ടമട്ടിലാണ്. 'ഫോറിൻ' അല്ലാത്ത എന്തു സാധനമാണ് ഇപ്പോൾ നമ്മെ തൃപ്തിപ്പെടുത്തുക? ജപ്പാനിലെ സൈക്കോ കമ്പനിക്കുവേണ്ടി തെക്കേ കൊറിയയിൽ ഉണ്ടാക്കിയതും, സമയത്തോടൊപ്പം ആഴ്ചയും തീയതിയും കൂടി കാട്ടുന്നതും, താക്കോൽ കൊടുക്കേണ്ടതില്ലാത്തതുമായ ഒരു റിസ്റ്റ്‌വാച്ചാണ് ഇപ്പോൾ ഞാൻ സാധാരണയായി ഉപയോഗിക്കുന്നത്. വിലകുറച്ചേ ആയുള്ളു എന്നാണ് അതു വാങ്ങി സമ്മാനിച്ച വ്യക്തി എന്നോടു പറഞ്ഞത്. എന്തായാലും, 'സൈക്കോ' വാച്ചുകൾ ഇന്ത്യയിൽ പ്രചുരപ്രചാരം നേടിയിട്ടു പല വർഷങ്ങളായിരിക്കുന്നു.

എച്ച്. എം. ടി.ക്കാർ വിദേശങ്ങളിൽനിന്നു വരുത്തിയ വാച്ചിന്റെ ഉപകരണങ്ങൾ കൂട്ടിച്ചേർക്കുന്നതല്ലാതെ, സ്വന്തമായി അവ നിർമിക്കുന്നുണ്ടെന്നു തോന്നുന്നില്ല. 'ആൽവിൻ', 'ടൈം സ്റ്റാർ' മുതലായ മററ് ഇന്ത്യൻ കമ്പനികളുടെ സ്ഥിതിയും ഇതുതന്നെ. വിദേശക്കമ്പനികളുടെ സഹകരണവും വൈദഗ്ദ്ധ്യവും ഈ കമ്പനികൾ എല്ലാം ഉപയോഗപ്പെടുത്തുന്നു. 'ആൽവിൻ' വാച്ചുകളുടെ എഴുപത്തഞ്ചോളവും എച്ച്. എം. ടി. വാച്ചുകളുടെ അറുപതോളവും വ്യത്യസ്തമാതൃകകൾ ഇന്ത്യൻ വിപണിയിൽ കിട്ടാനുണ്ടത്രെ. മാതൃകകൾ വർദ്ധിക്കുംതോറും തിരഞ്ഞെടുപ്പു പ്രയാസമായിത്തീരുന്നു.

ചെരുപ്പ്, കുട എന്നിവപോലെ റിസ്റ്റ്‌വാച്ചുകളും സ്ത്രീകൾക്കും പുരുഷന്മാർക്കും വേറെവേറെ വേണമെന്നാണുവച്ചിട്ടുള്ളത്. ഭക്ഷണത്തിന് ഉപയോഗിക്കുന്ന പ്ലേററുകൾ, കപ്പുകൾ, സ്പൂണുകൾ, ഇരിക്കാനും കിടക്കാനുമുള്ള കസേരകൾ, സോഫകൾ, കട്ടിലുകൾ, വായിക്കാനുള്ള പുസ്തകങ്ങൾ, എഴുതാനുള്ള പേനകൾ മുതലായ ഉപകരണങ്ങളുടെ കാര്യത്തിൽ ഇല്ലാത്ത ലിംഗവ്യത്യാസം ചെരുപ്പിന്റെയും കുടയുടെയും റിസ്റ്റ്

വാച്ചിൻെറയും കാര്യത്തിൽ എന്തിനുവേണം എന്നു് എനിക്കു മനസ്സിലായിട്ടില്ല.

റിസ്റ്റ്വാച്ചുകൾ ഇപ്പോൾ മുഖ്യമായി മൂന്നു തരത്തിലുണ്ടു്. ദിവസത്തിൽ ഒരു തവണ താക്കോൽ കൊടുക്കേണ്ട, പഴയതരത്തിലുള്ള, വാച്ചുകളാണു് ഒന്നാമത്തെതരം. ഇവയിൽ സമയത്തിനുപുറമെ ചിലപ്പോൾ തീയതിയും, ചിലപ്പോൾ ആഴ്ചയും തീയതിയും രണ്ടും, ഉണ്ടായിരിക്കും. ഇത്തരം വാച്ചുകൾക്കു വില താരതമ്യേന കുറവാണു്. ഇന്ത്യയിലുണ്ടാക്കുന്ന ഇത്തരത്തിൽപ്പെട്ട എച്ച്. എം. ടി., ആൽവിൻ, ടൈം സ്റ്റാർ എന്നീ വാച്ചുകൾ 215 മുതൽ 350 വരെ രൂപയ്ക്കു്, ആവശ്യംപോലെ എങ്ങും കിട്ടും.

താക്കോൽ കൊടുക്കേണ്ടതില്ലാത്ത 'ആട്ടോമാററിക്' വാച്ചുകളാണു മറെറാരുതരം. കൈയിൽകെട്ടി നടക്കുമ്പോൾ ഉണ്ടാകുന്ന ചലനത്താൽ അകത്തുള്ള 'റോട്ടോർ' എന്ന ചക്രം തിരിഞ്ഞു സ്പ്രിങ് മുറുകുന്നതുകൊണ്ടാണു് ഇവയ്ക്കു പ്രവർത്തനശക്തി കൈവരുന്നതു്. പക്ഷേ, ഏതാനും സമയം അനക്കാതെവച്ചാൽ ഈ വാച്ചുകളുടെ പ്രവർത്തനം നിലച്ചുപോകും. ഇത്തരം ഇന്ത്യൻ വാച്ചുകൾക്കു് ഇപ്പോൾ 300 മുതൽ 600 വരെ രൂപാ വിലയുണ്ടു്.

അടുത്തകാലത്തു ധാരാളമായി പ്രചാരത്തിൽ വന്നിട്ടുള്ള 'ക്വാർട്സ്' വാച്ചുകൾ മൂന്നാമത്തെ തരത്തിൽ പെടുന്നു. വിദേശനിർമിതങ്ങളായ ക്വാർട്സ് വാച്ചുകൾ ഇന്നു് ഏറെക്കുറെ മാർക്കററ് പിടിച്ചടക്കിയിരിക്കുകയാണു്. ഇവയിൽ, സൂചിയുടെ ചലനംകൊണ്ടു സമയം കാണിക്കുന്നവയും, തിളങ്ങുന്ന അക്കങ്ങൾകൊണ്ടു സമയം കാണിക്കുന്നവയും (ഡിജിററൽ) ഉണ്ടു്. രണ്ടു് ഇനത്തിലും, ചലനശക്തി നല്കുന്നതു ചെറിയ ബാററികളാണു്. ഈ ബാററികൾ ഒന്നു്—ഒന്നര വർഷംവരെ ഊർജം നൽകും. ഇന്ത്യയിലെ എച്ച്. എം. ടി., ആൽവിൻ എന്നീ കമ്പനിക്കാർ ഇത്തരം വാച്ചുകൾ ഉണ്ടാക്കി മാർക്കററിൽ ഇറക്കുന്നുണ്ടത്രേ. ചില ക്വാർട്സ് വാച്ചുകളിൽ 'അലാറം' ഘടിപ്പിച്ചു കാണാം. ചിലതിൽ ചെറിയൊരു കാല്ക്കുലേററും. ഇവയുടെ വിലയ്ക്കു തിട്ടമില്ല. ഇരുപത്തഞ്ചു രൂപാ മുതൽ ആയിരം രൂപവരെ, പല വിലകളിൽ, ഇവ ഇന്ത്യൻ മാർക്കററിൽ വിററഴിക്കപ്പെടുന്നു.

ഏതാനും വർഷം മുമ്പുവരെ വാച്ചുനിർമാണത്തിൻെറ ലോകകുത്തക ഏറെക്കുറെ സ്വിററ്സർലൻഡിനായിരുന്നു. ഇപ്പോഴും ആഭിജാത്യവും വിലക്കൂടുതലും 'ഒമേഗ', 'റാഡോ', 'റോളക്സ്', 'ടിസ്സോട്ട്' മുതലായ പേരുകളിൽ അറിയപ്പെടുന്ന സ്വിസ് വാച്ചുകൾക്കുതന്നെ. അമ്പതിനായിരം രൂപവരെ വിലയുള്ള 'റോളെക്സ്' വാച്ചുകൾ ഉണ്ടത്രേ. ഇവയുമായി താരതമ്യപ്പെടുത്തുമ്പോൾ തിരുവല്ലാക്കാരി ടീച്ചറുടെ 'റാഡോ' വാച്ച് സാധാരണ നിലവാരത്തിലേക്കു താഴ്ന്നുപോവുന്നു. കട്ടിസ്വർണ്ണം കൊണ്ടുണ്ടാക്കിയവയാവും ഇത്തരം വാച്ചുകളുടെ കൂടുകൾ.

ഇന്നു്, പക്ഷേ, വാച്ചുനിർമാണരംഗത്തിൽ സർവാധിപത്യം ജപ്പാനാണു്. ഇന്ത്യയിൽ കാണുന്ന വിലകുറഞ്ഞ ഇലക്ട്രോണിക് വാച്ചുകളിലധികവും ഹോങ്കോങ്, സിംഗപ്പൂർ, തെക്കൻകൊറിയ എന്നിവിടങ്ങളിൽ ജാപ്പനീസ് കമ്പനികൾക്കുവേണ്ടി നിർമിക്കപ്പെടുന്നവയാകുന്നു. ഇവയുടെ കൂടു് പ്ളാസ്റ്റിക്കുകൊണ്ടാണു്. കൈയിൽ കെട്ടുന്ന വാച്ചുകൾക്കുപുറമേ, പേനയുടെ അററത്തു ഘടിപ്പിച്ച ഇലക്ട്രോണിക് വാച്ചുകളുമുണ്ടു്.

റിസ്റ്റുവാച്ചുകളിൽ, ചക്രങ്ങൾ തിരിയുമ്പോൾ ഉണ്ടാകുന്ന തേമാനം ഒഴിവാക്കാൻവേണ്ടി 16 മുതൽ 24 വരെ ചെറിയ രത്നങ്ങൾ (ജ്യൂവെൽ) ഘടിപ്പിക്കാറുണ്ടു്. ഇവയുടെ എണ്ണം വാച്ചിൻെറ ഡയലിൽ കാണാം.

ഈ വാച്ചുകളിൽ വെള്ളം കടക്കുകയില്ലെന്നും (വാട്ടർ പ്രൂഫ്), ശക്തിയിൽ ഇടിച്ചാലും ആഘാതം അവയെ ബാധിക്കുകയില്ലെന്നും (ഷോക്ക് പ്രൂഫ്) അവകാശപ്പെട്ടു കാണാറുണ്ട്. ഈ അവകാശവാദം നൂറു ശതമാനവും ശരിയായി കൈക്കൊള്ളണമെന്നില്ലെന്നാണു വിദഗ്ദ്ധാഭിപ്രായം.

മേശപ്പുറത്തുവെയ്ക്കുന്ന വാച്ചുകളെയാണല്ലോ നാം 'ടൈംപീസുകൾ' എന്നു വിളിക്കുന്നതു്. ഇന്ത്യയിൽ നിർമിച്ച ടൈംപീസുകൾക്കു് ഇപ്പോൾ നൂറു രൂപയ്ക്കുമീതെ വിലയുണ്ടു്.

താക്കോൽ കൊടുക്കേണ്ടവയ്ക്കു പുറമേ, വൈദ്യുതിമൂലം നടക്കുന്നവയും, സൂചികൊണ്ടു സമയം കാട്ടുന്നതിനു പകരം മിന്നിത്തിളങ്ങുന്ന അക്കങ്ങൾകൊണ്ടു സമയം കാട്ടുന്നവയുമായ (ഡിജിററൽ) ടൈംപീസുകൾ എവിടെയും സുലഭമായിരിക്കുന്നു. ഇവയിലെ ബാററി ഒരു വർഷത്തോളം ഊർജം നൽകും. നിശ്ചിതസമയത്തു് അലാറം അടിക്കുന്നവപോലെതന്നെ, റേഡിയോ ഘടിപ്പിച്ച ടൈംപീസുകളുമുണ്ടു്. ടെലിവിഷൻ സെററ് ഘടിപ്പിച്ച ടൈംപീസുകളും കിട്ടാനുണ്ടത്രെ. ഞാൻ കണ്ടിട്ടില്ല. കാൽക്കുലേററർ ഘടിപ്പിച്ചവ, ടെലിഫോൺ ഡയക്ടറികൾ ഉൾക്കൊള്ളിച്ചവ, ടേപ്പ്റിക്കാർഡറുകൾ അടക്കിയവ—ടൈംപീസുകളുടെ വൈവിദ്ധ്യത്തിനു് അവസാനമില്ല.

റിസ്റ്റ്‌വാച്ചുകളും ടൈംപീസുകളും പെരുകി വരുന്ന തോതിനു ക്ലോക്കുകളുടെ എണ്ണം വർദ്ധിക്കുന്നില്ല. താക്കോൽ കൊടുത്തു നടത്തുന്ന ഒരു സാധാരണ ഇന്ത്യൻ ക്ലോക്ക് ഇപ്പോൾ ഇരുനൂറു രൂപ വിലയ്ക്കു കിട്ടും. ഇന്നത്തെ പല ക്ലോക്കുകളും സമയത്തിനു പുറമേ ആഴ്ചയും തീയതിയുംകൂടി കാണിക്കുന്നുണ്ടു്. അവയിലധികവും ബാററിയോ നേരിട്ടുള്ള വൈദ്യുതിയോ ഉപയോഗിച്ചു നടക്കുന്നു: വിദേശങ്ങളിൽ നിർമിച്ച ക്ലോക്കുകളിൽ 'സീക്കോ'വിനു് ഇന്ത്യയിൽ പ്രിയം കൂടും. താക്കോൽ കൊടുത്തു സ്പ്രിങ്ങ് മുറുക്കുന്നതിനു പകരം, ചങ്ങല വലിച്ചു്, കൈതച്ചക്കയുടെ ആകൃതിയിലുള്ള ഒരു ഇരുമ്പുകട്ടി ഉയർത്തി, അതിന്റെ കീഴ്പോട്ടുള്ള വലിവു് ഉപയോഗപ്പെടുത്തി ചലനം സാദ്ധ്യമാക്കുന്ന ക്ലോക്കുകൾ പണ്ടു ധാരാളമായിരുന്നു. മണി അടിക്കേണ്ട സമയത്തു കിളിവാതിൽ തുറന്നു് ഒരു കിളി പുറത്തുവന്നു കൂകി തിരിച്ചുപോകുന്ന 'കുക്കു ക്ലോക്കുകൾ' ഒരു കാലത്തു പല സ്ഥലങ്ങളിലും കാണാമായിരുന്നു. കിളിയുടെ പ്രകടനത്തിനു പകരം, പലതരം പാവകളുടെ പലതരം അഭ്യാസപ്രകടനങ്ങൾ കാഴ്ചവെയ്ക്കുന്ന ക്ലോക്കുകളും അപൂർവമായിരുന്നില്ല. (തിരുവനന്തപുരത്തു് 'മേത്തൻമണി' ഒരുദാഹരണം) ഇന്നു് അത്തരം ക്ലോക്കുകൾ അധികമൊന്നും കാണാനില്ല.

വലിയ പ്രകൃതിചിത്രങ്ങൾക്കകത്തു ഘടിപ്പിച്ച ചെറിയ ചുമർ ക്ലോക്കുകൾക്കു് ഇപ്പോൾ ധാരാളം പ്രചാരമുണ്ടു്. ഇവയിൽ ചിലതു 40–50 രൂപയ്ക്കു കിട്ടും; ചിലതിനു് ആയിരം രൂപവരെ വിലയുണ്ടു്. ഇവയും ബാററിശക്തികൊണ്ടാണു നടക്കുന്നതു്.

അമ്പതു വർഷം മുമ്പു പോക്കററ് വാച്ചുകൾക്കു വലിയ പ്രചാരം ഉണ്ടായിരുന്നു. കോട്ടിന്റെ ഒരു പ്രത്യേക പോക്കററിൽ സൂക്ഷിക്കുന്ന ഇവയെ, പുറമേ കാണാവുന്ന ഒരു സ്വർണച്ചങ്ങലകൊണ്ടു ബട്ടൻ ഹോളിൽ ബന്ധിക്കുമായിരുന്നു. മഹാത്മാഗാന്ധി അരയിൽ, ധോത്തിക്കുമുകളിൽ, ധരിക്കാറുള്ള പോക്കററ് വാച്ച് വളരെ പ്രസിദ്ധമാണു്. ഇന്ദുലേഖയെ കാണാൻ പോയപ്പോൾ സൂരിനമ്പൂതിരിപ്പാട് ധരിച്ചിരുന്ന പോക്കററ് വാച്ചിനും അതിന്റെ ചങ്ങലയ്ക്കും മലയാള സാഹിത്യത്തിൽ അനശ്വരത കൈവന്നിരിക്കുന്നു. പക്ഷേ, ഒരു പോക്കററ് വാച്ച് കണ്ടുകിട്ടാൻ നന്നെ ക്ലേശിക്കണമെന്നതാണു് ഇന്നത്തെ നില.

റിസ്റ്റ്‌വാച്ചുകൾ സാർവത്രികങ്ങളായിട്ടും, കൊല്ലത്തെ തിരക്കുള്ള റോഡുകളിലൂടെ ധൃതിപ്പെട്ടുപോകുമ്പോൾ 'സാറേ, മണിയെത്രയായി?' എന്ന ചോദ്യം എന്നെ പലപ്പോഴും തടഞ്ഞു നിർത്താറുണ്ട്. ആലോചന മററു പല കാര്യങ്ങളെക്കുറിച്ചുമാകയാൽ, ചോദ്യത്തിന്റെ അർത്ഥം ഗ്രഹിക്കാൻതന്നെ കുറച്ചു സമയം പിടിക്കും. പിന്നീട് ഇടതുകൈ ഉയർത്തി, കണ്ണടയുടെ താഴത്തെ ചില്ലിലൂടെ നോക്കി സമയം തിട്ടപ്പെടുത്തി, പറയുമ്പോഴേക്കു ചോദിച്ച ആൾ സ്ഥലം വിട്ടിരിക്കും. അതിനാൽ, 'സാറേ, മണി എത്രയായി?' എന്ന ചോദ്യത്തെ, എന്റെ റിസ്റ്റ്‌വാച്ചിനു് ഒരു വഴിപോക്കൻ നൽകിയ ആദരമായേ ഞാൻ ഇപ്പോഴിപ്പോൾ കണക്കാക്കാറുള്ളു. ഉത്തരം ആവശ്യമില്ലാത്ത, ലൗകികം കാട്ടുകമാത്രം ഉദ്ദേശ്യമായ, പലതരം ചോദ്യങ്ങളുണ്ടല്ലോ; അത്തരത്തിലൊരു ചോദ്യം. ചോദ്യകർത്താവ് ഉത്തരം പ്രതീക്ഷിച്ചു മുമ്പിൽ നില്ക്കുന്നില്ലെങ്കിൽ, നിങ്ങൾ ആ ചോദ്യത്തിനു മറുപടി പറയാൻ മിനക്കെടേണ്ടതില്ല. അല്ലെങ്കിൽ, 'ഹൗ ഡു യു ഡു?' എന്ന ചോദ്യത്തിനു് അതുതന്നെ മറുപടിയായി പറയുംപോലെ 'സാറേ, മണിയെത്രയായി?' എന്നു തിരിച്ചു ചോദിച്ചുകൊള്ളു.

(30 സെപ്റ്റംബർ, 1984)

## 81. കുക്കുക്ലോക്ക്

'കുക്കുക്ലോക്ക്' ഇനത്തിൽപ്പെട്ട ചെറിയ ഒരു നാഴികമണി എന്റെ വലിയമ്മയുടെ വീട്ടിൽ ഉണ്ടായിരുന്നു. വലിയമ്മയുടെ ഭർത്താവായിരുന്ന കപ്ലിങ്ങാട്ട് വൈദികൻ കുഞ്ഞൻനമ്പൂതിരി മുറജപത്തിനു പോയപ്പോൾ തിരുവനന്തപുരത്തുനിന്നു വാങ്ങിക്കൊണ്ടുവന്നതായിരുന്നു ഈ ക്ലോക്ക്. സാധാരണ കുക്കുക്ലോക്കുകളിലെന്നപോലെ ഇതിലും സ്പ്രിങ്ങിനു പകരം ഉണ്ടായിരുന്നതു് നീണ്ട കൈതച്ചക്കകളുടെ ആകൃതിയുള്ള രണ്ടു് ഇരുമ്പുകട്ടികൾ തൂക്കിയിട്ട ചങ്ങലകളാണ്. കട്ടികൾ താഴെ എത്തിക്കഴിഞ്ഞാൽ, ചങ്ങലയുടെ മറേറ അററം പിടിച്ചുവലിച്ച് കട്ടികൾ ഉയർത്തുന്നതാണ് 'വൈൻഡിങ്'. മണിക്കൂറുകൾ കാണിക്കാൻ (കേൾപ്പിക്കാൻ) ഒരുതരം സംഗീതം ആലപിക്കുകയാണ് ഈ ക്ലോക്ക് ചെയ്തിരുന്നതു്. കൂടുതുറന്നു് ഒരു പക്ഷി പുറത്തുവന്നു കൂകി മണിക്കൂറുകൾ അറിയിക്കുന്ന സംവിധാനം ഇതിൽ ഉണ്ടായിരുന്നില്ല.

ഈ സംവിധാനമുള്ള, ശരിയായ, കുക്കുക്ലോക്ക് ഞാൻ ആദ്യമായി കണ്ടതു് എസ്. കെ. പൊറേറക്കാട്ടിന്റെ 'ചന്ദ്രകാന്തം' എന്ന വീട്ടിലായിരുന്നു. 1940–കളുടെ അവസാനത്തിൽ യൂറോപ്പിൽ പര്യടനം നടത്തിയപ്പോൾ പൊററെക്കാട്ട് വാങ്ങിക്കൊണ്ടുവന്ന കൗതുകവസ്തുക്കളിലൊന്നായിരുന്നു ഈ കുക്കുക്ലോക്ക്. ഇതിൽ ഒരു കിളിക്കൂടും, അതിനകത്തു് കൂകുന്ന ഒരു കിളിയും ഉണ്ടെന്നു വിശ്വസിക്കാൻ, പ്രഥമദൃഷ്ടിയിൽ, പ്രയാസം തോന്നി. പക്ഷേ, മണി അറിയിക്കേണ്ട സമയമായപ്പോൾ ക്ലോക്കിന്റെ നെററിയിൽ ഒരു ചെറിയ വാതിൽ തനിയേ തുറക്കുകയും, അതിലൂടെ ഒരു ചെറിയ മരക്കിളി ചാടി മുന്നോട്ടുവരികയും, ചുവന്ന കൊക്കു തുറന്നു് അതു് കൂകുകയും തിരികെ കൂട്ടിലേക്കു നീങ്ങുകയും ഒരു ശബ്ദത്തോടെ കൂടിന്റെ വാതിൽ വീണ്ടും അടയുകയുംചെയ്യുന്നതു് ഞങ്ങൾ—ഞാനും പൊററെക്കാട്ടും—ആഹ്ളാദത്തോടെ നോക്കിയിരുന്നു.